പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

06.07.2015-ലെ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1925
മറുപടിക്ക്

സംസ്ഥാനത്തെ ജയിലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.കെ.അജിത് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ജയിലുകളിലെ പാർപ്പിടശേഷി എത്രയാണ്; എല്ലാ ജയിലുകളിലുമായി എത്ര തടവുകാരെ പാർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) നിലവിൽ 6217 തടവുകാരെ പാർപ്പിക്കാനുള്ള ശേഷി ഉണ്ട്. 10.6.2015-ലെ കണക്കനുസരിച്ച് 6965 തടവുകാരെ പാർപ്പിച്ചിട്ടുണ്ട്. |
| ബി) ആംബുലൻസ് സൗകര്യം ഇല്ലാത്ത ജയിലുകളുണ്ടോ; എങ്കിൽ എത്ര; | (ബി) ഉണ്ട്. 38 ജയിലുകളിലും ബോസ്റ്റൽ സ്കൂളിലും ആംബുലൻസ് സൗകര്യം ഇല്ല. |
| സി) ജയിലുകളിൽ ഡോക്ടർമാരുടെ സേവനം ഇരുപത്തിനാല് മണിക്കൂറും ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ഡോക്ടർമാരുടെ സേവനം ഇരുപത്തിനാല് മണിക്കൂറും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) സംസ്ഥാനത്തെ 3 സെൻട്രൽ ജയിൽ, 2 തുറന്ന ജയിൽ, കോഴിക്കോട്, കൊല്ലം എന്നീ ജില്ലാ ജയിലുകൾ എന്നിവിടങ്ങളിൽ മെഡിക്കൽ ഓഫീസർ തസ്തിക നിലവിലുണ്ട്. മറ്റ് ജയിലുകളിൽ അതാത് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർ ആഴ്ചയിൽ ഒരിക്കൽ പരിശോധന നടത്താറുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ തടവുകാരെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സക്ക് കൊണ്ടുപോകാറുണ്ട്. |

സെക്ഷൻ ഓഫീസർ